പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3768. 26-06-2012 ന് മറുപടിയ്ക്ക്

## നിലമ്പൂർ മേഖലയിൽ വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി ) |
| വന്യജീവികളുടെ ആക്രമണങ്ങൾ തടയുന്നതിന്റെ ഭാഗമായി നിലമ്പൂർ വനമേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വനം വകുപ്പ് നാളിതുവരെ നടത്തിയിട്ടുള്ളത് ; | നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് എന്നീ വനം ഡിവിഷനുകളിലായി വ്യാപിച്ചു കിടക്കുന്ന നിലമ്പൂർ വനമേഖലകളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.<br>**നിലമ്പൂർ സൗത്ത് ഡിവിഷൻ**<br>സോളാർ ഫെൻസിംഗ് നിർമ്മിച്ചത് - 43.36 കി.മീ.<br>ആന പ്രതിരോധ കിടങ്ങുകൾ - 2.226 കി.മീ.<br>2 **നിലമ്പൂർ നോർത്ത് ഡിവിഷൻ**<br>സോളാർ ഫെൻസിംഗ് നിർമ്മിച്ചത് - 7.910 കി.മീ.<br>ആന പ്രതിരോധ കിടങ്ങുകൾ - 2.935 കി.മീ.<br>റീടെയിനിംഗ് വാൾ (കൻമതിൽ) - 1.077 കി.മീ.<br><br>ഇതിനു പുറമേ കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി നാശനഷ്ടങ്ങൾ വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്കുതന്നെ തുരത്തി ഓടിക്കുന്നതിനായി റെയിഞ്ചാഫീസറുടെ നേതൃത്വത്തിൽ നിലമ്പൂർ ആസ്ഥാനമാക്കി ഒരു റാപ്പിഡ് റെസ്പോൺസ് ടീമിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ